കേരള സർക്കാർ

# പ്രസിദ്ധീകരണത്തിന്

## ഹരിത കേരളം മിഷൻ ഫോട്ടോഗ്രാഫി അവാർഡ്
## ടി.ജെ. വർഗ്ഗീസ് നും ഗോകുൽ എസ് നും ഒന്നാം സ്ഥാനം

ഹരിതകേരളം മിഷൻ ഒന്നാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സംസ്ഥാനതല ഫോട്ടോഗ്രാഫി മത്സരത്തിൽ പൊതുവിഭാഗത്തിൽ എറണാകുളം സ്വദേശി ടി.ജെ. വർഗ്ഗീസ് നും വിദ്യാർത്ഥികളുടെ വിഭാഗത്തിൽ കൊല്ലം, ആയൂർ സ്വദേശി ഗോകുൽ എസ്. നും ഒന്നാം സ്ഥാനം ലഭിച്ചു. പൊതുവിഭാഗത്തിൽ ഒന്നാം സമ്മാനമായി 10,000/- രൂപയും വിദ്യാർത്ഥി വിഭാഗത്തിൽ 7,500/- രൂപയും ക്യാഷ് അവാർഡായി ലഭിക്കും. മറ്റു പുരസ്കാരങ്ങൾ ഇപ്രകാരമാണ്. പൊതു വിഭാഗത്തിൽ രണ്ടാം സ്ഥാനം ശ്രീ. ഇഹ്ഷാൻ ജാവിദ് എൻ. (മലപ്പുറം), മൂന്നാം സ്ഥാനം ശ്രീ. ദീപേഷ് പുതിയപുരയിൽ (കാസർകോഡ്) യും കരസ്ഥമാക്കി. ഇവർക്ക് 7,500/-, 5,000/- രൂപ വീതം ക്യാഷ് അവാർഡ് ലഭിക്കും. വിദ്യാർത്ഥി വിഭാഗത്തിൽ രാഹുൽ ബേബി (എറണാകുളം) രണ്ടാം സ്ഥാനവും രതീഷ് ആർ. (പാലക്കാട്) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഇവർക്ക് യഥാക്രമം 5000, 2500 രൂപ വീതം ക്യാഷ് അവാർഡ് നൽകും. ക്യാഷ് അവാർഡിനു പുറമെ അവാർഡ് ജേതാക്കൾക്ക് സാക്ഷ്യപത്രവും നൽകും. കൂടാതെ 9 പേർക്ക് പ്രോത്സാഹനമായി സാക്ഷ്യപത്രം നൽകും. സുമേഷ് എൻ.എസ്., മാത്യു കോളിൻസ്, ഗിരീഷ് വി.സി., വിനോദ് അത്തോളി, ഷബീർ തുറക്കൽ, വൈശാഖ് എം., പ്രജീഷ് എം.പി., മിഥുൻ കെ. ബെന്നി, നാസർ ഇടപ്പാൾ എന്നിവർക്ക് പ്രോത്സാഹന സമ്മാനമായി സാക്ഷ്യപത്രം ലഭിക്കും.

പ്രശസ്ത ഛായാഗ്രാഹകരായ കെ.ജി. ജയൻ, എം.ജെ. രാധാകൃഷ്ണൻ എന്നിവർ അടങ്ങിയ ജൂറിയാണ് പുരസ്കാര നിർണ്ണയം നടത്തിയത്. ഹരിത കേരളം മിഷൻ പ്രവർത്ത മാർഗ്ഗരേഖയനുസരിച്ച് സംസ്ഥാനത്ത് നടക്കുന്ന പ്രവർത്തനങ്ങളെ ആധാരമാക്കിയും വെള്ളം, വൃത്തി, വിളവ് എന്നിവ മുൻനിർത്തിയും കേരളത്തിന്റെ ഹരിത സമൃദ്ധിയുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടും ഉള്ള ഫോട്ടോകളാണ് അവാർഡിനായി പരിഗണിച്ചത്. ഹരിതകേരളം ഒന്നാം വാർഷിക പരിപാടിയോടനുബന്ധിച്ച് ഡിസംബർ 14 ന് രാവിലെ 10 മണിക്ക് തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ഹരിതസംഗമം 2017-ൽ വച്ച് അവാർഡ് ജേതാക്കൾക്ക് പുരസ്കാരം സമ്മാനിക്കും.

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

13.12.2017.

സി. 2/3271(3)(4), ഹരിതം, കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം - 695 004
ഫോൺ : 0471-2449939, ഇ-മെയിൽ : haritham@kerala.gov.in, harithakeralamgok@gmail.com

B